ഉൾപ്പെടുത്തി താലൂക്ക് ആശുപത്രിക്ക് മിനിമം വേണ്ട കിടക്കകൾ ക്രമീകരിക്കാമെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പുതിയതായി പ്രഖ്യാപിച്ച കൊണ്ടോട്ടി താലൂക്കിൽ വേറെ താലൂക്ക് ആശുപത്രി ഇല്ലാത്ത സാഹചര്യത്തിലും കൊണ്ടോട്ടി സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(19) കളമശ്ശേരി മെഡിക്കൽകോളേജിന്റെ വികസനവും ജീവനക്കാരുടെ തൊഴിൽ സംരക്ഷണവും

ശ്രീ. എസ്. ശർമ്മ: സർ, സഹകരണമേഖലയിൽ പ്രവർത്തിച്ചു വരുന്ന കളമശ്ശേരിയിലെ സഹകരണ മെഡിക്കൽകോളേജ്. സർക്കാർ ഏറ്റെടുത്തിട്ട് നാളത്തേയ്ക്ക് ഒരു വർഷം തികയുകയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും അവിടെതന്നെ സ്ഥാപിക്കുമെന്ന് പ്രഖ്യാപനം നടത്തിയിട്ട് ഏകദേശം ഒരു വർഷം തികയുകയാണ്. അവിടത്തെ ജീവനക്കാർ നാളെ കരിദിനം ആചരിക്കുകയാണ്. ഗവൺമെന്റ് ഏറ്റെടുത്തുവെന്നുള്ള പ്രഖ്യാപനം വന്നതിനുശേഷം ഫലത്തിൽ പ്രായോഗികമായ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന അവസ്ഥ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. മെഡിക്കൽ കോളേജിലെ സ്ഥിരം ജീവനക്കാരായ ഡോക്ടർമാരേയും മറ്റുജീവനക്കാരേയും താൽക്കാലിക ജീവനക്കാരായാണ് സർക്കാർ ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്. പല ഡിപ്പാർട്ട്മെന്റുകളിലും വകുപ്പുതലവന്മാരില്ല, ഡോക്ടർമാരില്ല, മരുന്നുമില്ല. ഒരു പ്രത്യേക രൂപത്തിൽ പ്രയാസകരമായ അവസ്ഥ ഇന്ന് കളമശ്ശേരി മെഡിക്കൽ കോളേജ് അഭിമുഖീകരിക്കുകയാണ്. അർഹമായ, വർദ്ധിപ്പിച്ച ഡി.എ. ജീവക്കാർക്ക് നാളിതുവരെ നൽകിയിട്ടില്ല. നിലവിലുള്ള ജീവനക്കാരുടെ എണ്ണം വളരെ കൂടുതലായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിന് ഒരു ക്രമീകരണമുണ്ടാക്കണം. ദിവസവേതനക്കാരും കോൺട്രാക്ട് തൊഴിലാളികളും വൻതോതിൽ കൂടിക്കൂടി വരികയാണ്. ഈ അന്തരീക്ഷം ഉപയോഗപ്പെടുത്തി ഒരു പിൻവാതിൽ നിയമനമുണ്ടാകാത്ത വിധത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കണം. ഇന്റർനാഷണൽ കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയും ഡോ. ഗംഗാധരനെ ഇതിന്റെ ഓഫീസറായി നിയമിക്കുകയും ചെയ്തു. അത് വളരെ നല്ലകാര്യം. മൺമറഞ്ഞുപോയ വി. ആർ. കൃഷ്ണയ്യർ ഇത്തരം കാര്യങ്ങളിൽ വളരെ താൽപ്പര്യമെടുത്തിരുന്നു. കൊച്ചി പൗരാവലിയുടെ യോഗം ചേർന്ന് ഏകകണ്ഠമായി ഈ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് കൃഷ്ണയ്യരുടെ നാമകരണമുണ്ടാകണമെന്ന് പ്രമേയത്തിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കണമെന്നും കളമശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽകോളേജ് ഒരു നല്ല മാതൃകാ മെഡിക്കൽകോളേജാക്കി മാറ്റുന്നതിനും ജീവനക്കാരുടെ തൊഴിൽ സംരക്ഷണം ഉറപ്പാക്കുന്നതിനും സത്വരനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, രണ്ട് കാര്യങ്ങളാണ് ബഹുമാന്യനായ എസ്. ശർമ്മ ഇവിടെ ഉന്നയിച്ചത്. ഒന്ന്, എറണാകുളം ഗവൺമെന്റ് മെഡിക്കൽകോളേജ് ക്യാമ്പസിൽ ആരംഭിക്കുന്ന കൊച്ചി കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടായിരുന്നു. കൊച്ചി കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ എന്ന കേരളത്തിലെ കാൻസർരോഗ ചികിത്സയ്ക്കും പഠനത്തിനും ഉദ്ദേശിച്ചിട്ടുള്ള ബൃഹത്തായ സംരംഭത്തിനാണ്. മെഡിക്കൽകോളേജ് ക്യാമ്പസിൽ തുടങ്ങുന്നതിന് തറക്കല്ലിട്ടത് അതിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചുമതലയേൽപ്പിച്ച HSCC (Hospital Service Consultancy Centre) ഒരു കേന്ദ്രസർക്കാർ സ്ഥാപനമാണ്. ടി സ്ഥാപനം ഏകദേശം 450 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 300 കിടക്കകൾ ഉൾക്കൊള്ളുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡി.പി.ആർ. തയ്യാറാക്കുകയും ആയത് അംഗീകരിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ ടി സ്ഥാപനവുമായി സമ്മതപത്രത്തിൽ ഒപ്പിടുകയും ചെയ്തു. എന്നിരുന്നാലും ഈ പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാൻ വകുപ്പിന് സാധിച്ചില്ല. ആയത് പരിഹരിക്കുവാൻ 18-11-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഈ പദ്ധതിക്ക് വാർഷികാടിസ്ഥാനത്തിൽ (Annuity mode) തുക അനുവദിക്കുന്നതിന് ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ധനകാര്യവകുപ്പിന്റെ അംഗീകാരം ലഭ്യമായാൽ ആന്യൂറ്റി സ്കീമിൽ ഉൾപ്പെടുത്തി കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കേരളത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാ ജില്ലകളിലും ഒരു മെഡിക്കൽ കോളേജ് ആരംഭിക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ സഹകരണവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന മെഡിക്കൽകോളേജ് സർക്കാർ ഏറ്റെടുക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 17-12-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള ആസ്തി ബാദ്ധ്യതകളോടെ കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്ന് ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. റിട്ടയർ ചെയ്തശേഷം ജോലിയെടുക്കുന്നവരും കരാറടിസ്ഥാനത്തിലുള്ള ജീവനക്കാരുമൊഴി

LIBRARY ARCHIVES Kerala Legislative Assembly

കെയുള്ളവരുടെ സേവന-വേതന വ്യവസ്ഥയും മറ്റും പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ആരോഗ്യവകുപ്പ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, സഹകരണ വകുപ്പ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ചിരുന്നു. സമിതിയുടെ ശിപാർശകൾ പരിശോധിച്ച് നിലവിലുള്ള ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ആരോഗ്യവകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, അഡീഷണൽ ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), ആരോഗ്യവകുപ്പ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നിവരടങ്ങുന്ന കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും കൊച്ചി മെഡിക്കൽ കോളേജിന് 5 വർഷക്കാലത്തേയക്ക് സ്റ്റാന്റ് എലോൺ സ്റ്റാറ്റസ് നൽകുന്നതിന് യോഗ്യതയുള്ള സ്ഥിരം ജീവനക്കാരേയും കരാറടിസ്ഥാനത്തിലുള്ള ജീവനക്കാരേയും സർക്കാർ സർവ്വീസിലേയ്ക്ക് സംയോജിപ്പിക്കുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. ഇത് ധനകാര്യ-ആരോഗ്യ-കുടുംബക്ഷേമ വകുപ്പുകളുടെ പരിശോധനയിലാണ്. കോളേജ് സർക്കാർ ഏറ്റെടുത്തെങ്കിലും ജീവനക്കാരുടെ സംയോജനം പൂർത്തിയാകാത്തതിനാൽ വികസനപ്രവർത്തനങ്ങൾക്ക് ഇപ്പോൾ തുകയൊന്നും വകയിരുത്തിയിട്ടില്ല. അടുത്ത വർഷത്തെ ഫണ്ടിൽ തുക വകയിരുത്തുന്നതിലേയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ ജീവനക്കാരുടെ സംയോജനം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇതിന്റെ ഭാവി വികസനത്തിനാവശ്യമായിട്ടുള്ള പദ്ധതി പദ്ധതിയേതര ഇനങ്ങളിൽ തുക വകയിരുത്തുന്നതാണ്. നിലവിൽ ഇവിടെ ജോലി ചെയ്യുവരുന്ന എല്ലാ ജീവനക്കാർക്കും സംയോജനം പൂർത്തിയാകുന്നതുവരെ അവർ നിലവിൽ വാങ്ങിവന്നിരുന്ന ശമ്പളം നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(20) കാൻസർ സബ്സെന്ററും ഡയാലിസിസ് യൂണിറ്റും അനുവദിക്കൽ

ശ്രീ. ആർ. രാജേഷ്: മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റും കാൻസർ സബ്സെന്ററും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷൻ. നമ്മുടെ സമൂഹത്തിൽ ക്യാൻസർരോഗികളുടേയും വൃക്കരോഗികളുടേയും എണ്ണം വർദ്ധിച്ചുവരികയാണ്. ഇവർക്ക് ചികിത്സയ്യാവശ്യമായ സൗകര്യങ്ങൾ ജില്ലാടിസ്ഥാനത്തിലും, താലൂക്കടിസ്ഥാനത്തിലും വളരെ കുറവാണ്. ജില്ലാ ആശുപത്രികളിൽ ഇതിനാവശ്യമായ സൗകര്യങ്ങളില്ല. സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് ചെയ്യുന്നതിന് വലിയ ചെലവാണ്, സാധാരണക്കാരായ രോഗികൾക്ക്